# പതിനാലാം കേരള നിയമസഭ
# (പതിനാലാം സമ്മേളനം)

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:104

04.02.2019-ൽ മറുപടിയ്ക്ക്

## മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന് കർമ്മപരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.യു. ആർ. പ്രദീപ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്ത് എത്തുന്ന മത്സ്യങ്ങളിൽ അമിതമായി രാസവസ്തുക്കൾ ചേർക്കുന്നതായി കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ ആഭ്യന്തരമായി മത്സ്യോത്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം കർമ്മപരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) ഉൾനാടൻ മത്സ്യോൽപ്പാദനം ഇരട്ടിയാക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിനായി 6990 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷണത്തിനും പരിപാലനത്തിനുമായി 390 ലക്ഷം രൂപയുടെ പദ്ധതികളും, പുതിയ മത്സ്യോദ്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ വികസനങ്ങൾക്കുമായി 1800 ലക്ഷം രൂപയുടെ പദ്ധതികളും ജലകൃഷി വികസന പ്രവർത്തനങ്ങൾക്കായി 4800 ലക്ഷം രൂപയുടെ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഉൾനാടൻ ജലകൃഷി വികസന പ്രവർത്തനങ്ങൾ ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ 2018-19 സാമ്പത്തിക വർഷം ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 3691.51 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 8 പദ്ധതികൾ കേന്ദ്രാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചതിൽ ഓരുജലാശയങ്ങളിലെ കൂടു കൃഷി, കല്ലുമ്മേക്കായ കൃഷി, പുന:പര്യയന മത്സ്യകൃഷി, മത്സ്യകൃഷിയ്ക്കായി വാട്ടർ ലോഗ് പ്രദേശം പുനരുദ്ധരിക്കൽ എന്നീ പദ്ധതികൾക്ക് ആകെ 1581.30 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിനുപുറമേ 2018-19 സാമ്പത്തിക വർഷം ആർ.കെ.വി.വൈ പദ്ധതി |

യിൽ ഉൾപ്പെടുത്തി കാർപ്പ് കൃഷി, ചെമ്മീൻകൃഷി, ശുദ്ധ ജലാശയങ്ങളിലെ കൂടുകൃഷി എന്നീ പദ്ധതികൾക്കായി 2400 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതി കേന്ദ്രാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കാനായി കൃത്രിമപ്പാര് സ്ഥാപിക്കൽ, കടലിലെ കൂടുകൃഷി എന്നീ പദ്ധതികളും ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

2017-18 സാമ്പത്തിക വർഷം സർക്കാരിൽ നിന്നും 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കൃത്രിമപ്പാര് സ്ഥാപിക്കൽ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ പുതുക്കുറിച്ചി, കൊച്ചുതുറ എന്നീ സ്ഥലങ്ങളിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ സ്ഥാപിച്ച് മത്സ്യസമ്പത്തിന്റെ സംരക്ഷണവും സ്വാഭാവിക ആവാസ സ്ഥാനവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ബി) തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിലേയ്ക്കായി ഇത്തരം മത്സ്യങ്ങൾ കൃഷി ചെയ്യുന്നതിന് ചെറുകിട മത്സ്യ കർഷകർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കുമോ;

ബി) തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിലേക്കായി തദ്ദേശീയ മത്സ്യ ഇനങ്ങളായ കരിമീൻ, തിരുത, കണമ്പ് തുടങ്ങിയ മത്സ്യങ്ങൾ കൃഷി ചെയ്യുന്നതിന് പടുതാ കുളത്തിലെ കരിമീൻ കൃഷി, അടുക്കള കുളങ്ങളിലെ കരിമീൻ കൃഷി, കുളങ്ങളിലെ ഓരുജല കൃഷി, കൂടുകളിലെ കരിമീൻ കൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി മത്സ്യകർഷകർക്ക് സാമ്പത്തിക സഹായവും പരിശീലനവും നൽകിവരുന്നു.

സി) ജലാശയങ്ങളിൽ നശിച്ചുപോയ ആവാസ വ്യവസ്ഥ പുന:സ്ഥാപിച്ച് മത്സ്യങ്ങൾ കൃഷി ചെയ്യുന്നതിനുള്ള കർമ്മ പരിപാടികൾ തയ്യാറാക്കി നടപ്പാക്കാൻ വിദഗ്ധരെ ഉൾപ്പെടുത്തി പ്രത്യേക സമിതിയെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

സി) ജലാശയങ്ങളിൽ നശിച്ചു പോയ ആവാസ വ്യവസ്ഥ പുന:സ്ഥാപിച്ച് മത്സ്യങ്ങൾ കൃഷി ചെയ്യുന്നതിനുള്ള കർമ്മ പരിപാടികൾ തയ്യാറാക്കി നടപ്പാക്കാൻ വിദഗ്ദ്ധരെ ഉൾപ്പെടുത്തി പ്രത്യേക സമിതിയെ നിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഡി) ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങൾ സംരക്ഷിച്ച് അവയിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള പദ്ധതിയുണ്ടോ; വിശദമാക്കുമോ?

ഡി) 2018-19 സാമ്പത്തികവർഷം ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങൾ സംരക്ഷിച്ച് അവയിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ജനകീയ മത്സ്യ കൃഷി പദ്ധതി മുഖേന 2018-19 സാമ്പത്തിക വർഷം ശാസ്ത്രീയ സമ്മിശ്ര കാർപ്പ് മത്സ്യകൃഷി, കുളങ്ങളിലെ ആസാം വാള കൃഷി, കുളങ്ങളിലെ ഗിഫ്റ്റ് കൃഷി, ബഹുവർഗ്ഗ ഓരുജല മത്സ്യകൃഷി, പടുതാ കുളങ്ങളിലെ

കരിമീൻ കൃഷി, പിന്നാമ്പുറ കുളങ്ങളിലെ കരിമീൻ കൃഷി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ 2018-19 സാമ്പത്തിക വർഷം ബ്ലൂ റവല്യൂഷൻ പദ്ധതി യിൽ ഉൾപ്പെടുത്തി വെള്ളക്കെട്ടുകളിലെ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ ഉപയോഗ ശൂന്യമായി കിടക്കുന്ന ചെറിയ ജലാശയങ്ങളിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന മുറ്റത്തൊരു മീൻതോട്ടം എന്ന പദ്ധതി ഫിഷറീസ് വകുപ്പിന്റെ കീഴിൽ അഡാക്ക് വഴി നടപ്പിലാക്കി വരുന്നു.

Shabs
**സെക്ഷൻ ആഫീസർ**